സാമ്യവാക്യം
...നിന്നോട് നിലവിളിക്കുമ്പോൾ...
ശബ്ദം കേൾക്കേണമേ.
സങ്കീ. 27:2

ജനുവരി 20 തിങ്കൾ

7

## വായനാഭാഗം
നെഹ. 4:1–6

# ദൈവസഭയോട് ശത്രുവിന്റെ ചോദ്യം

## ഈ ദുർബ്ബലന്മാർ...... പോകുന്നു. നെഹ. 4:2

ടെലിവിഷനിൽ വരുന്ന ഒരു പരസ്യത്തിൽ ഒരു കുട്ടി മാതാവിനോട് ചോദിക്കുന്നു ' അമ്മേ ദൈവമുണ്ടോ? അമ്മ അതിനുള്ള മറുപടി ശരിയായി നൽകാതെ പ്രാർത്ഥനയിൽ മുഴുകി നിൽക്കുന്നു. കുട്ടികൾ മാത്രമല്ല, വലിയവരും ഇന്ന് ചോദ്യങ്ങൾ ചോദിക്കുന്നതിൽ ജാഗരൂകരാണ്. ആരും ഉത്തരങ്ങൾ ആഗ്രഹിക്കുന്നില്ല. ഈ ചോദ്യങ്ങളാകുന്ന കുന്തങ്ങൾ കൊണ്ട് സഭയെ പൊളിക്കുകയാണ് അഥവാ നശിപ്പിക്കുകയാണ് സാത്താന്റെ ജോലി.

ഇടിഞ്ഞുകിടക്കുന്ന യെരുശലേമിന്റെ മതിലിനെപ്പറ്റി ഇന്നുവരെ ചിന്തിക്കാത്തവർ, ഇടിഞ്ഞമതിൽ പണിയുവാൻ തയ്യാറായ നെഹമ്യാവിനോട് ചോദ്യശരങ്ങൾ ഉയർത്തി തളർത്തുവാൻ നോക്കുന്നു. ഇന്നത്തെ വായനാഭാഗത്ത് ഇവർ ചോദിച്ച ചില ചോദ്യങ്ങൾ കാണാം. ചോദ്യം ചോദിക്കുന്നവർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഉടമസ്ഥരല്ല, അവർ തകർപ്പൻ പദ്ധതിയുടെ ഉടമസ്ഥരാണ്. പണിയുക എന്ന നല്ല ആശയവുമായി ആര് പുറപ്പെട്ടാലും അത് തകരുംവരെ അശ്രാന്ത പരിശ്രമം നടത്തുന്നവരാണ് ഈ വ്യക്തികൾ. എന്നാൽ ഇവർ ഇവിടെ തോല്ക്കുമെന്ന് നെഹമ്യാവ് ധൈര്യത്തോടും വിശ്വാസത്തോടും നൽകിയ ആദ്യ മറുപടിയിൽ നിന്നും നമുക്ക് മനസ്സിലാക്കാം. " സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും." (നെഹ. 2:20) ഇതായിരിക്കട്ടെ നമ്മോട് ചോദിക്കുന്ന ശത്രുക്കളോട് നമ്മുടെ മറുപടിയും. ഇപ്രകാരം മറുപടി നൽകുവാൻ നെഹമ്യാവിന് എന്തുകൊണ്ട് കഴിഞ്ഞു? വിവരം അറിഞ്ഞപ്പോൾ നെഹമ്യാവ് നാലു കാര്യങ്ങൾ ചെയ്തു. (1) അവന്റെ സന്നിധിയിൽ ഇരുന്നു. (2) ദൈവമുമ്പാകെ തന്റെ സഹോദരങ്ങളുടെ അവസ്ഥ ഓർത്ത് കരഞ്ഞു. (3) ഉപവസിച്ചു (4) സ്വർഗ്ഗത്തിലെ ദൈവത്തോട് പ്രാർത്ഥിച്ചു. ഇന്നത്തെ ധൃതിയുടെ ലോകത്തിൽ പലരും മറക്കുന്ന നാല് കാര്യങ്ങളാണ് നെഹമ്യാവ് ചെയ്തത്. നമുക്കും അപ്രകാരം ചെയ്യുവാൻ കഴിയണം.

പ്രാർത്ഥയോടെ നെഹമ്യാവും കൂട്ടരും പണി തുടങ്ങി എന്ന് മനസ്സിലാക്കിയ ശത്രുക്കൾ ഭയവിഹ്വലരായ അവരുടെ പ്രവർത്തികണ്ട് ദോഷം പൂണ്ട് നിന്ദിക്കുവാൻ ആരംഭിച്ചു. ഒരു കുറുക്കൻ കയറിയാൽ അവരുടെ കന്മതിൽ ഉരുണ്ടുവീഴും എന്ന് പറഞ്ഞ് പരിഹസിച്ചു. അവിടെയും പ്രാർത്ഥന ആയിരുന്നു അവരുടെ ആയുധം. " ഞങ്ങളുടെ ദൈവമേ കേൾക്കേണമേ...." (നെഹ. 4: 5, 6) പ്രാർത്ഥനയുടെ ബലത്താൽ അവർ മതിൽ പണിതു.

ഇന്ന് പണവും, പദവികളും ആകർഷകമായി വന്നപ്പോൾ ആത്മീയമതിൽ പൊളിഞ്ഞ്, വാതിൽ തീവെച്ച് ചുട്ടുകിടക്കുന്നത് ആരും കാര്യമാക്കുന്നില്ല. പണിയുവാൻ ആർക്കും താല്പര്യമില്ല. നമ്മുടെ സഭ, ഭവനം ഈ വിധമോ? എങ്കിൽ പ്രാർത്ഥനയോടെ പണി തുടങ്ങാൻ ദൈവം കൃപചെയ്യട്ടെ.

**സമാധാനത്തോടെ ഇരിക്കുന്നവൻ ആർപ്പോടെ കൊയ്യും.**